കേരളസർക്കാർ

സംഗ്രഹം

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ)വകുപ്പ് - ഭരണഭാഷാ വർഷാഘോഷം 2017 നവംബർ 1 മുതൽ 2018 ഒക്ടോബർ 31 വരെ ദീർഘിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ)വകുപ്പ്**

**സ.ഉ.(കയ്യെഴുത്ത്) നം.19/2017/ഉഭപവ. തിരുവനന്തപുരം, തീയതി, 27.09.2017**

---

പരാമർശം: 1. സ.ഉ. (കയ്യെഴുത്ത്) നം.38/2012/ഉഭപവ. തീയതി 20.07.2012.
2. സ.ഉ. (കയ്യെഴുത്ത്) നം.5/2014/ഉഭപവ. തീയതി 05.02.2014.
3. സ.ഉ. (കയ്യെഴുത്ത്) നം.35/2014/ഉഭപവ. തീയതി 17.10.2014.
4. സ.ഉ. (കയ്യെഴുത്ത്) നം.35/2015/ഉഭപവ. തീയതി 28.11.2015
5. സ.ഉ. (കയ്യെഴുത്ത്) നം.392/2016/ഉഭപവ. തീയതി 05.10.2016

**ഉത്തരവ്**

കേരളത്തിലെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി പരാമർശം 1 ലെ സർക്കാർ ഉത്തരവു പ്രകാരം 2012 നവംബർ 1 മുതൽ ഒക്ടോബർ 31 വരെയുള്ള ഒരു വർഷക്കാലം ഭരണഭാഷാ വർഷമായി ആഘോഷിച്ചിരുന്നു. എന്നാൽ വേണ്ടത്ര ഭാഷാ പുരോഗതി കൈവരിക്കാൻ കഴിയാതിരുന്നതിനാൽ തുടർന്ന് പരാമർശം 2,3,4,5 -ലെ ഉത്തരവുകൾ പ്രകാരം ഭരണഭാഷാ വർഷാഘോഷം 2017 ഒക്ടോബർ 31 വരെ ദീർഘിപ്പിച്ചിരുന്നു.

എന്നാൽ മേൽപ്പറഞ്ഞ കാലയളവിൽ ഭാഷാമാറ്റ പുരോഗതിയിൽ കാര്യമായ മാറ്റം ഉണ്ടായെങ്കിലും 100% മാറ്റം കൈവരിക്കാൻ മിക്ക സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും കഴിഞ്ഞിട്ടില്ല. മലയാളം കമ്പ്യൂട്ടിംങിൽ (യൂണികോഡ്) എല്ലാ ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുക, ഭരണഭാഷാ പ്രവർത്തനങ്ങളിലും ഭരണഭാഷാ പുരസ്കാരം നല്കുന്നതിലും ക്ലാസ് I & II ഓഫീസർമാരുടെയും പ്രാതിനിധ്യം ഉറപ്പു വരുത്തുക. വെബ്സൈറ്റിലെ വിവരങ്ങൾ മലയാളത്തിൽകൂടി ലഭ്യമാക്കൽ, കോഡുകൾ, മാന്വലുകൾ, ചട്ടങ്ങൾ, ഫാറങ്ങൾ എന്നിവയുടെ പരിഭാഷ സംബന്ധിച്ച നടപടികളും പൂർത്തീകരിക്കേണ്ടതുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ 61-ാം വാർഷിക വേളയിൽ ഭരണഭാഷാ വർഷാഘോഷം 2017 നവംബർ 1 മുതൽ 2018 ഒക്ടോബർ 31 വരെയുള്ള ഒരു വർഷക്കാലത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു. പ്രസ്തുത കാലയളവിൽ പ്രത്യേക കർമ്മപരിപാടി തയാറാക്കി ഭാഷാമാറ്റ പ്രവർത്തനങ്ങൾ തുടരേണ്ടതാണെന്നും, ഔദ്യോഗികഭാഷ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചു വരുന്ന ഉത്തരവുകളും നിർദ്ദേശങ്ങളും കർശനമായി പാലിക്കപ്പെട്ട് സംസ്ഥാനത്ത് ഭരണഭാഷ പൊതുഭാഷയായ മാതൃഭാഷയിലാണെന്ന് ഉറപ്പു വരുത്തേണ്ടതും ആയതിലേക്കുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. പ്രസ്തുത നടപടി റിപ്പോർട്ട് ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ)വകുപ്പിൽ ലഭ്യമാക്കേണ്ടതാണെന്നും സെക്രട്ടേറിയറ്റിലെ ഭരണ വകുപ്പുകൾക്കും എല്ലാ സർക്കാർ വകുപ്പുകൾക്കും ജില്ലാ കളക്ടറേറ്റുകൾക്കും സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖലാ/ അർദ്ധസർക്കാർ/ സ്വയംഭരണ/സഹകരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ.ആർ.ജ്യോതിലാൽ
സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/
സ്പെഷ്യൽ സെക്രട്ടറിമാർ/വകുപ്പുതലവന്മാർ/ജില്ലാ കളക്ടർമാർ.
സർക്കാർ നിയന്ത്രണത്തിലുള്ള എല്ലാ പൊതുമേഖല/
അർദ്ധ സർക്കാർ/സ്വയംഭരണ/സഹകരണ സ്ഥാപനങ്ങളുടെ തലവന്മാർ
സെക്രട്ടേറിയറ്റിലെ നിയമം/ധനകാര്യം ഉൾപ്പെടെ എല്ലാ സെക്ഷനുകൾക്കും
പൊതുഭരണ (എസ്.സി) വകുപ്പ്
ഡയറക്ടർ, വിവര-പൊതുജനസമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Ajith N
സെക്ഷൻ ഓഫീസർ